# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

| | |
|---|---|
| **നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.7782** | **23..07..2012 – ൽ ബഹു: ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി മറുപടി പറയേണ്ടത്** |

### ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാരുടെ വേതന വ്യവസ്ഥ

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ<br>ശ്രീമതി കെ.കെ. ലതിക<br>ശ്രീമതി കെ.എസ്. സലീഖ<br>ശ്രീ.പി.റ്റി. എ. റഹീം | ശ്രീ. കെ.എം. മാണി,<br>ബഹു: ധനകാര്യവും നിയമവും<br>ഭവനനിർമ്മാണവും വകുപ്പുമന്ത്രി |

| | | |
|---|---|---|
| എ | ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാരുടെ വേതന വ്യവസ്ഥയിൽ മാറ്റം വരുത്തി-യിട്ടുണ്ടോ; | മാറ്റം വരുത്തിയിട്ടുണ്ട് |
| ബി | പഴയ വ്യവസ്ഥയനുസരിച്ച് സംസ്ഥാന സർക്കാർ നൽകേണ്ട തുകയിൽ കുടിശ്ശിക വന്നിട്ടുണ്ടോ; എങ്കിൽ എത്ര മാസത്തെ തുക; ഇത് എന്ന് നൽകാനാവുമെന്ന് വ്യക്തമാക്കുമോ; | ഇല്ല. കേന്ദ്ര സർക്കാരിന്റെ ഉത്തരവ-നുസരിച്ച് നവംബർ 2011 വരെയുള്ള അലവൻസ് നൽകികഴിഞ്ഞു. എല്ലാ വർഷവും ഓണത്തിനോടനുബന്ധിച്ചാണ് ബോണസ് നൽകുന്നത്. ഏപ്രിൽ 2011 മുതൽ നവംബർ 2011 വരെയുള്ള ബോണസ് നൽകുന്നതി-നാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. |
| സി | പുതിയ വേതന വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ നൽകിയിരുന്ന വേതനം നിർത്തലാക്കിയിട്ടുണ്ടോ; | സംസ്ഥാന സർക്കാർ നൽകിയിരുന്ന അലവൻസും ബോണസും 2011 ഡിസംബർ മുതൽ നിർത്തലാക്കിയിട്ടുണ്ട്. |

| | | |
|---|---|---|
| ഡി | എങ്കിൽ ഇതേത്തുടർന്ന് വർഷങ്ങളായി ഈ രംഗത്ത് തൊഴിലെടുക്കുന്ന മഹിളാ പ്രധാൻ ഏജന്റുമാർക്കുണ്ടായിരിക്കുന്ന ആശങ്കകൾ പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ഇതിനുള്ള നടപടികൾ സ്വീകരിക്കുമോ? | 16.06.2012 ലെ G.O(Rt) നം. 5933/12/ധന സർക്കാർ ഉത്തരവ് പ്രകാരം ദേശീയ സമ്പാദ്യ പദ്ധതിയിലെ മഹിളാപ്രധാൻ, എസ്.എ.എസ് ഏജന്റുമാരുടെ സേവനം ദേശീയ സമ്പാദ്യ സമാഹരണത്തോടൊപ്പം, വികസന സാമൂഹ്യ ക്ഷേമ രംഗങ്ങളിൽ കൂടി പ്രയോജനപ്പെടുത്തികൊണ്ട് ഈ അധിക സേവനം അവരുടെ നിക്ഷേപ സമാഹരണ പ്രയത്നത്തിന് ആനുപാതികമായി നിശ്ചയിച്ച് മഹിളാ പ്രധാൻ ഏജന്റുമാർക്ക് 5.25 ശതമാനം വരെയും എസ്.എ.എസ് ഏജന്റുമാർക്ക് 1.1 ശതമാനം വരെയും പ്രതിഫലം നൽകുവാൻ തീരുമാനമായിട്ടുണ്ട്. ഇതിനുള്ളനടപടികൾ കൈക്കൊണ്ടുവരുന്നു. |

R. [signature]

സെക്ഷൻ ഓഫീസർ